പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2009 | 01.02.2018-ലെ മറുപടിക്ക്

## കളക്ഷൻ നോക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന സംവിധാനം

ചോദ്യം

ഡോ.എം. കെ. മുനീർ

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ കെ. എസ്. ആർ. ടി. സി. യിൽ കളക്ഷൻ നോക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സിംഗിൾ ഡ്യൂട്ടി ഡബിൾ ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് എത്ര രൂപ കളക്ഷൻ എത്തിക്കണം; ഇത്തരത്തിൽ കളക്ഷൻ ടാർജറ്റ് തികയ്ക്കുന്നതിന് കെ. എസ്. ആർ. ടി. സി. നിശ്ചയിക്കുന്ന സമയക്രമം പാലിക്കണമെന്ന് വ്യവസ്ഥയുണ്ടോ; | (ബി) | ഒരു സാഹചര്യത്തിലും സിംഗിൾ ഡ്യൂട്ടികൾ ഡബിൾ ഡ്യൂട്ടികളായി കളക്ഷന്റെ അടിസ്ഥാനത്തിൽ മാറ്റി നൽകാറില്ല. എന്നാൽ 1 ½ ഡ്യൂട്ടി സമയക്രമത്തിൽ നടത്തി വരുന്ന ഓർഡിനറി സർവ്വീസുകൾക്ക് 10000/- രൂപയിലും, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് 17000/- രൂപയിലും, ഫാസ്റ്റ് പാസഞ്ചർ |

| | | | |
|---|---|---|---|
| | | | സർവ്വീസുകൾക്ക് 12000/- രൂപയിലും കൂടുതൽ വരുമാനം ലഭിക്കുന്ന ദിവസങ്ങളിൽ ടി സർവ്വീസുകളിലെ ജീവനക്കാർക്ക് പ്രോൽസാഹനം എന്ന നിലയിൽ രണ്ട് ഡ്യൂട്ടികളായി പരിഗണിച്ച് നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) | വ്യത്യസ്ത റൂട്ടികളിലേക്ക് ഒരേ സമയത്ത് ആരംഭിക്കുന്ന ഡ്യൂട്ടി, ഫെയർ സ്റ്റേജിലെ വ്യത്യാസം കാരണം ജോലി നോക്കുന്ന കണ്ടക്ടറും ഡ്രൈവറും ഫെയർ സ്റ്റേജ് കൂടുതലാണെങ്കിൽ ഒരാൾക്ക് അത് ഡബിൾ ഡ്യൂട്ടി ടാർജറ്റ് തികയ്ക്കുന്നതിന് എളുപ്പമാവുകയും മറ്റേയാൾക്ക് കുറഞ്ഞ ഫെയർ സ്റ്റേജിലായതിനാൽ 1 ½ , 1 ¼, 1 എന്നീ ഡ്യൂട്ടികൾ കൊണ്ട് പോകേണ്ട സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നത് നീതിയുക്തമാണോ; വിശദമാക്കുമോ? | (സി) | ഫെയർ സ്റ്റേജ് അടിസ്ഥാനമാക്കി ഡ്യൂട്ടികൾ നിശ്ചയിച്ച് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ